പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 361 10.06.2014-ൽ മറുപടിയ്ക്ക്

# സമ്പൂർണ്ണ വൈദ്യുതീകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. പി. ജയരാജൻ : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വൈദ്യുതി കണക്ഷനുവേണ്ടി എത്ര അപേക്ഷകരാണ് നിലവിലുള്ളതെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ; | (എ) | ജില്ല തിരിച്ചുള്ള അപേക്ഷകരുടെ കണക്ക് അനുബന്ധമായി വയ്ക്കുന്നു. |
| (ബി) | സമ്പൂർണ്ണ വൈദ്യുതീകരണം ലക്ഷ്യമിട്ടുകൊണ്ട് ഇപ്പോൾ നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമാണ് ; | (ബി) | മിഷൻ 676 പ്രകാരം, കേന്ദ്രാവിഷ്കൃത പദ്ധതിയായ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾ പൂർത്തീകരിച്ച് സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (സി) | പ്രസ്തുത പദ്ധതികൾ ഓരോന്നും ആരംഭിച്ചത് ഏതു വർഷം മുതലാണെന്നു വ്യക്തമാക്കുമോ ; | (സി) | രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, വയനാട്, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ 2011 ജൂൺ മാസമാണ് ആരംഭിച്ചത്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ 2012 സെപ്റ്റംബർ മാസമാണ് ആരംഭിച്ചിട്ടുള്ളത്. |
| (ഡി) | സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കുന്നതിനായി പുതിയതായി ഏതെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ഡി) | സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കുന്നതിന് പുതുതായി പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. എന്നാൽ നിലവിലുള്ള ആർ.ജി.ജി.വി.വൈ പദ്ധതിയും, എസ്.സി/ എസ്.ടിയ്ക്കു വേണ്ടിയുള്ള കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതിയും, വി.വി.ടി.ജി, പി.പി.എസ്, ത്രിതല പഞ്ചായത്തുകളുടെ ഫണ്ട്, ബോർഡിന്റെ ഫണ്ട് എന്നിവ ഉപയോഗിച്ച് പദ്ധതികൾ പൂർത്തീകരിച്ച് സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കാവുന്നതാണ്. |

(ഇ) നിലവിലെ അപേക്ഷകർക്കെല്ലാം വൈദ്യുതി കണക്ഷൻ ഉടൻ ലഭ്യമാക്കുന്നതിന് എന്തെങ്കിലും പുതിയ നിർദ്ദേശങ്ങളോ ഉത്തരവുകളോ നൽകിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

(ഇ) മിഷൻ 676-ന്റെ ഭാഗമായി ആദ്യ 100 ദിനങ്ങൾക്കുള്ളിൽ ഒരു ലക്ഷം വൈദ്യുതി കണക്ഷനുകൾ നൽകുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. നിലവിൽ വൈദ്യുതി കണക്ഷനുവേണ്ടി അപേക്ഷിച്ചിട്ടുള്ള എല്ലാ അപേക്ഷകർക്കും ആർ.ജി.ജി.വി.വൈ പദ്ധതി ഉൾപ്പെടെയുള്ള പദ്ധതികളിൽപ്പെടുത്തി കണക്ഷൻ നൽകുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

ചോദ്യം നം. 361

അനുബന്ധം

| നം. | ജില്ലയുടെ പേര് | നൽകുവാനുള്ള കണക്ഷനുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 180 |
| 2 | കൊല്ലം | 6 |
| 3 | പത്തനംതിട്ട | 23 |
| 4 | കോട്ടയം | 33 |
| 5 | എറണാകുളം | 52 |
| 6 | തൃശ്ശൂർ | 223 |
| 7 | ഇടുക്കി | 7 |
| 8 | ആലപ്പുഴ | 14 |
| 9 | മലപ്പുറം | 883 |
| 10 | കണ്ണൂർ | 50 |
| 11 | കോഴിക്കോട് | 19 |
| 12 | പാലക്കാട് | 554 |
| 13 | കാസറഗോഡ് | 302 |
| 14 | വയനാട് | 46 |
| | ആകെ: (എണ്ണം) | 2392 |